പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 143 — 11-02-2013 – ൽ മറുപടിയ്ക്ക്

## കാർഷിക സേവന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) സംസ്ഥാനത്തെ കാർഷിക പ്രതിസന്ധിക്കു പരിഹാരം കാണാൻ എന്തൊക്കെ സൗകര്യങ്ങളാണ് സേവന കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും ഉണ്ട്. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ നടീൽ വസ്തുക്കൾ, മറ്റു ഉല്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും കർഷകന് ലഭ്യമാക്കുന്നതിന് വേണ്ടിയാണ് കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ഇതുവഴി തൊഴിലാളിക്ഷാമം പരിഹരിച്ച് യന്ത്രവൽക്കരണം സാധ്യമാക്കാൻ കഴിയും. ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗ കീടങ്ങൾ പരിശോധന, കാർഷിക വായ്പ, വിലനിലവാരം, വിപണനം കാലാവസ്ഥ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും കാർഷിക സേവന കേന്ദ്രങ്ങൾ വഴി ലഭ്യമാകും. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുന്നു. അവയുടെ റിപ്പയർ ജോലികളും ചെയ്യാൻ സാധിക്കും.. |
| (സി) എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) സംസ്ഥാനത്ത് 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലാണ് സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. (ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.) |
| (ഡി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. | (ഡി) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാതു സ്ഥലത്തെ സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തിൽ പ്രവർത്തിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>തിരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലെ അഗ്രോ സർവ്വീസ് സെന്ററുകളുടെ ജില്ലയും ബ്ലോക്കുകളും.</u>

| ക്രമ നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട്, നെയ്യാറ്റിൻകര |
| 2 | കൊല്ലം | പത്തനാപുരം, ചടയമംഗലം |
| 3 | പത്തനംതിട്ട | റാന്നി, കോന്നി |
| 4 | ആലപ്പുഴ | കായംകുളം, ചെങ്ങന്നൂർ |
| 5 | കോട്ടയം | കോട്ടയം, കടുത്തുരുത്തി |
| 6 | ഇടുക്കി | തൊടുപുഴ, ഇടുക്കി |
| 7 | എറണാകുളം | കോതമംഗലം, പിറവം, കളമശ്ശേരി |
| 8 | തൃശ്ശൂർ | ചേലക്കര, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി |
| 9 | പാലക്കാട് | മലമ്പുഴ, പട്ടാമ്പി |
| 10 | മലപ്പുറം | പെരിന്തൽമണ്ണ, കോട്ടയ്ക്കൽ, പൊന്നാനി |
| 11 | കോഴിക്കോട് | പേരാമ്പ്ര, കൊയിലാണ്ടി, നാദാപുരം തിരുവമ്പാടി |
| 12 | വയനാട് | കല്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി |
| 13 | കണ്ണൂർ | കൂത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ |
| 14 | കാസർഗോഡ് | മഞ്ചേശ്വരം. തൃക്കരിപ്പൂർ |

സെക്ഷൻ ഓഫീസർ